കാർമൽ സ്ക്കൂൾ സംഭവം സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം

765. ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എ. കെ പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർമൽ സ്ക്കൂൾ സംഭവം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതനുസരിച്ച് എന്തു നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു ?

അഴിമതി നിരോധന കമ്മീഷന് ലഭിച്ച പരാതികൾ

766. ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുപ്രവർത്തകരുടെ അഴിമതി തടയുന്നതിനുവേണ്ടി നിലവിൽ വന്ന കമ്മീഷനിൽ ആകെ എത്ര പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഉത്തരം

എട്ട് പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മാരാമൺ കൺവെൻഷൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട പോലീസുകാർ

767. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഫെബ്രുവരി മാസത്തിൽ നടന്ന മാരാമൺ കൺവെൻഷന് സ്പെഷ്യൽ ഡ്യൂട്ടിക്ക് ഉദ്യോഗസ്ഥരെ, എത്ര പോലീസുകാരെ നിയോഗിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, ഡി. വൈ. എസ്. പി. എന്നീ ആഫീസർമാർ യഥാക്രമം എത്ര പേർ നിയോഗിക്കപ്പെട്ടിരുന്നു ;

(സി) കൺവെൻഷൻ സമാപനദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഏതെങ്കിലും പോലീസ് ആഫീസറും പോലീസുകാരും തമ്മിൽ സംഘട്ടനമുണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഓഫീസറെയോ പോലീസുകാരെയോ സസ്പെൻഡ് ചെയ്യുകയുണ്ടായോ ;

(ഇ) എങ്കിൽ അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly